**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4170 — 17.05.2017-ൽ മറുപടിയ്ക്ക്

## പ്രാദേശിക അവധികൾ പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| **ചോദ്യം**<br>**ശ്രീ.മുരളി പെരുനെല്ലി** | | **ഉത്തരം**<br>**ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | ആഘോഷങ്ങളുടെ ഭാഗമായി പ്രാദേശിക അവധികൾ പ്രഖ്യാപിക്കുന്നത് എന്തെല്ലാം മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണെന്ന് വ്യക്തമാക്കാമോ; | (എ) | വിവിധ ജില്ലകളിലെ സുപ്രധാനമായ പ്രാദേശിക ഉത്സവങ്ങൾക്ക്/വിശേഷ ദിവസങ്ങൾക്ക് പ്രാദേശിക അവധി അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് പൊതുവായി ജി.ഒ. (എം.എസ്) 327/2002/പൊഭവ തീയതി 04.10.2002 എന്ന സർക്കാർ ഉത്തരവ് നിലവിലുണ്ട്. പ്രസ്തുത ഉത്തരവിൽ ഉൾപ്പെടാത്ത വിശേഷ ദിവസം/ ഉത്സവങ്ങൾക്ക് ആഘോഷങ്ങളുടെ ഭാഗമായി ഉണ്ടാകുന്ന അനിയന്ത്രിതമായ ഭക്തജനത്തിരക്ക്, തന്മൂലം ഉണ്ടാകുന്ന ഗതാഗത പ്രശ്നങ്ങൾ, മറ്റ് സാഹചര്യങ്ങൾ എന്നിവ പരിഗണിച്ച് അതാത് ജില്ലാ കളക്ടർ നൽകുന്ന റിപ്പോർട്ടിന്റെ/ ശുപാർശയുടെ അടിസ്ഥാനത്തിൽ വിഷയം പരിശോധിച്ച് സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രാദേശികാവധി നൽകി വരുന്നു. പ്രാദേശികാവധികൾ അനുവദിയ്ക്കുമ്പോൾ മുൻ നിശ്ചയപ്രകാരമുള്ള പൊതു പരീക്ഷകൾക്ക് തടസ്സം ഉണ്ടാകുന്നില്ല എന്ന് അതാത് ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതും എന്നാൽ മേൽ പരാമർശിത സർക്കാർ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെട്ടുവരുന്ന ഉത്സവങ്ങളായാലും തിരുവനന്തപുരം നഗരത്തിന്/ താലൂക്കിന് ബാധകമായിട്ടുള്ള പ്രാദേശിക അവധികൾ പ്രഖ്യാപിക്കുന്നത് സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെ ആയിരിക്കണം. ഓരോ വർഷവും, ഓരോ കേസിലും ജില്ലാ കളക്ടർമാരിൽ നിന്നുമുള്ള റിപ്പോർട്ടിന്റെ/ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രാദേശികാവധി അനുവദിയ്ക്കാൻ അതാത് ജില്ലാ കളക്ടർമാരെ ത്തന്നെ ചുമതലപ്പെടുത്തിക്കൊണ്ടാണ് സർക്കാർ തലത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നത്. |
| (ബി) | തൃശൂർ ജില്ലയിലെ പ്രസിദ്ധമായ പാവറട്ടി വിശുദ്ധ യൗസേപ്പിതാവിന്റെ തീർത്ഥാടന കേന്ദ്രത്തിലെ തിരുനാൾ ദിവസം മുല്ലശേരി ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിൽ പ്രദേശിക അവധി നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ കളക്ടറുടെ റിപ്പോർട്ട്/ശുപാർശ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ